# എഡിറ്റോറിയൽ

പാലൈ റിസേർച്ച് ജേണൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ട് ഒരു വർഷം പൂർത്തിയാകുന്നു. ബഹു വൈജ്ഞാനിക പഠനമേഖലകളെ വിമർശനാത്മകമായി സമീപിക്കുന്ന ഗവേഷണസ്വഭാവമുള്ള പ്രബന്ധങ്ങൾക്കാണ് ഈ റിസേർച്ച് ജേണൽ പ്രാധാന്യം നൽകി വരുന്നത്. ഭിന്ന അനുശീലന പദ്ധതികൾ പരസ്പരം അതിവർത്തിക്കുകയും വ്യാപിക്കുകയും ചെയ്യുന്നത് ഗവേഷണ പഠനത്തിലെ സമീപകാല പ്രതിഭാസമാണ്. വ്യത്യസ്ത ജ്ഞാനമേഖലകൾക്കുള്ളിൽ നടക്കുന്ന സൈദ്ധാന്തിക വ്യാപാരങ്ങളെ അടുത്തറിയാൻ ഉതകുന്ന പ്രബന്ധങ്ങൾക്ക് ജേണൽ മുൻഗണന നൽകിപ്പോരുന്നു. അറിവ് നിരന്തരം പുനരുൽപ്പാദിപ്പിക്കുവാൻ ഗവേഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. ഗവേഷണ പ്രബന്ധങ്ങളുടെ സാമ്പ്രദായിക വഴക്കങ്ങളെ പൊളിച്ചെഴുതുന്ന പഠനങ്ങൾക്കും പുതിയ കാലത്ത് പ്രസക്തി കൈവരുന്നുണ്ട്. ലാക്ഷണിക സൂചനകളെ മാത്രം പിന്തുടരുന്ന പാഠപഠനങ്ങൾക്ക് പുതിയ അറിവുകൾ സൃഷ്ടിക്കാനാവില്ല. മിഷണറി സ്കെച്ചുകളിലൂടെ കേരളത്തെ വായിക്കാൻ ശ്രമിക്കുന്ന ഡോ. സൗമ്യ ബേബിയുടെ പ്രബന്ധം ആദ്യലേഖനമായി ചേർത്തിരിക്കുന്നു. നൂറ്റാണ്ട് മുൻപത്തെ സ്കെച്ചുകളാണ് പഠനവിധേയമാകുന്നത്. കേരളചരിത്രത്തിലും സാംസ്കാരിക-ഗവേഷണ മേഖലയിലുമുള്ള അതിന്റെ പ്രാധാന്യം അടയാളപ്പെടുത്തുന്ന പ്രബന്ധമാണിത്. കൂടാതെ, മൗലികവും മികച്ചതുമായ 17 പ്രബന്ധങ്ങൾ കൂടി ഈ ഇഷ്യുവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ പ്രബന്ധത്തെയും വെവ്വേറെ പരിശോധിക്കാൻ ഇവിടെ ഒരുങ്ങുന്നില്ല. അറിവിനെ പുതിയ സങ്കല്പത്തിലൂടെ സമീപിക്കാൻ സഹായിക്കുന്ന മികച്ച പ്രബന്ധങ്ങളുമായി പാലൈ റിസേർച്ച് ജേണലിന്റെ പുതിയ ലക്കം വായനക്കാരിലേക്ക് എത്തുന്നു.

**പ്രൊഫ. ഡോ. തോമസ് സ്കറിയ**